

● ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് അലുംനി അസോസിയേഷന്റെ വാർഷിക സമ്മേളനം സാഹിത്യ നിരൂപകൻ എം.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. എ. ഏബ്രഹാം, സി.കെ. വിശ്വനാഥൻ, മുൻ പ്രിൻസിപ്പൽമാർ, അലുംനി ഭാരവാഹികൾ തുടങ്ങിയവർ സമീപം.

# കാലത്തിനൊപ്പം വിദ്യാഭ്യാസം മാറണം: എം.കെ. ഹരികുമാർ

ചെങ്ങന്നൂർ: പുതിയ കാലഘട്ടത്തിലെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ വിദ്യാഭ്യാസ മേഖലയെ പ്രാപ്തരാക്കുക എന്നതാണ് കേരളം നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന് നിരൂപകനും സാഹിത്യകാരനുമായ എം.കെ. ഹരികുമാർ. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് അലുംനി അസോസിയേഷന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രിൻസിപ്പൽ ഡോ. എ. ഏബ്രഹാം അധ്യക്ഷനായിരുന്നു. കോളജിന്റെ വജ്ര ജൂബിലിയോടനുബന്ധിച്ച് അലുംനി അസോസിയേഷൻ നിർമിച്ച കൈലാസം സ്നേഹവീടിന്റെ സമർപ്പണം മുൻ പ്രിൻസിപ്പൽ പ്രഫ. റൂബി മാത്യു നിർവഹിച്ചു. ഇംഗ്ലീഷ് വിഭാഗം ആദ്യ മേധാവി പ്രഫ. കൈലാസത്തിന്റെ സ്മരണാർഥമാണ് സ്നേഹവീടിനു കൈലാസം എന്നു പേരിട്ടിരിക്കുന്നത്. 12 ലക്ഷം രൂപ ചെലവഴിച്ച് ഒരു പൂർവ വിദ്യാർഥിക്കു വേണ്ടിയാണ് ഭവനം നിർമിച്ചിരിക്കുന്നത്. അധ്യാപകരെ ആദരിക്കുന്ന ഗുരുവന്ദനം പരിപാടിക്ക് അഡ്വ. എബി കുര്യാക്കോസ് നേതൃത്വം നൽകി.

ചിത്രകാരനും മാധ്യമ പ്രവർത്തകനുമായ സി.കെ. വിശ്വനാഥൻ, പ്രഫ. ജോർജ് ജോസഫ്, പ്രഫ. സുബി ഉമ്മൻ, എൻ.ജി. മുരളീധരക്കുറുപ്പ്, ജനറൽ സെക്രട്ടറി അഡ്വ. പി ഇ ലാലച്ചൻ, സതീഷ് മാണിക്കശേരി എന്നിവർ പ്രസംഗിച്ചു.

വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്ക് പ്രഫ. പി.വൈ. സാമുവൽകുട്ടി സമ്മാനങ്ങൾ വിതരണം ചെയ്തു. ഡോക്ടറേറ്റ് നേടിയ ജ്യോതിഷ് ജോണിനെ അനുമോദിച്ചു.

പി.എസ്.സി. മുൻ അംഗവും പൂർവ വിദ്യാർഥിയുമായ അഡ്വ. തോമസ് ഫിലിപ്പ് രചിച്ച വയാ കോടുകുളഞ്ഞി എന്ന പുസ്തകം അഡ്വ. പി.എൻ. പ്രീത പരിചയപ്പെടുത്തി.



● മാവേലിക്കര ചെറുകോൽ ശുഭാനന്ദാശ്രമത്തിൽ താരാസ്തുതി മഹായജ്ഞത്തിന്റെ സമാപനത്തിൽ ആശ്രമാധിപതി ദേവാനന്ദ ഗുരുദേവൻ ഭക്തജനങ്ങളെ അനുഗ്രഹിക്കുന്നു

## താരാസ്തുതി മഹായജ്ഞം സമാപിച്ചു

മാവേലിക്കര: ചെറുകോൽ ശുഭാനന്ദാശ്രമത്തിൽ താരാസ്തുതി മഹായജ്ഞം സമാപിച്ചു. പ്രഭാതത്തിൽ ഗുരുപൂജ, ഗുരുദക്ഷിണ, പ്രാർഥന, ആശ്രമപ്രദക്ഷിണം, എതിരേൽപ്പ് എഴുന്നള്ളത്ത് എന്നിവ നടന്നു. സന്യാസവൃന്ദവും ഭക്തജനങ്ങളും നാമസങ്കീർത്തനാലാപത്തോടുകൂടി ആശ്രമാധിപതി ദേവാനന്ദ ഗുരുദേവനെ യജ്ഞവേദിയിലേക്ക് സ്വീകരിച്ച് ആനയിച്ചു. തുടർന്ന് നേർച്ചസ്വീകരണവും പ്രാർഥനയും നടന്നു. ദേവാനന്ദ ഗുരുദേവൻ അനുഗ്രഹപ്രഭാഷണം നടത്തി. ഗുരുദേവൻ ദർശനമരുളി താരാസ്തുതി മഹായജ്ഞം സമാപിച്ചു.



● ചേർത്തലയിൽ തൊഴിലുറപ്പ് ജോലിക്കിടെ വണ്ടുകളുടെ കുത്തേറ്റ് താലൂക്കാശുപത്രിയിൽ കഴിയുന്നവർ

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് വണ്ടിന്റെ കുത്തേറ്റു

### ● ഏഴുപേർക്ക് പരുക്ക്

ചേർത്തല: തൊഴിലുറപ്പ് ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് വണ്ടിന്റെ ആക്രമണം. ഏഴു പേർക്ക് കുത്തേറ്റു. ഗിരിജ, പുഷ്പി, ബീന, മഞ്ജു, സാവിത്രി, ബിൻസി, ലില്ലി എന്നിവർക്കാണ് കുത്തേറ്റത്. ഇവരെ ചേർത്തല ഗവ. താലൂക്കാ ശുപത്രിയിൽ പ്രവേശിപ്പിച്ചു. ചേർത്തല നഗരസഭയിലെ രണ്ടാം വാർഡിലെ കാടുപിടിച്ച വഴി തെളിക്കുന്നതിനിടെ ഇന്നലെ രാവിലെയായിരുന്നു സംഭവം. പ്രദേശവാസികൾ സഞ്ചരിക്കുന്ന വഴിയിലെ കാട് വെട്ടി തെളിക്കുന്നതിനായി പത്തണ്ടോളം തൊഴിലാളികളാണ് സ്ഥലത്തുണ്ടായിരുന്നത്. ജോലിക്കിടെ കൂട്ടത്തോടെ എത്തിയ കറുപ്പും മഞ്ഞയും നിറത്തിലുള്ള കൂറ്റൻ വണ്ടുകൾ തൊഴിലാളികളെ ആക്രമിക്കു കയായിരുന്നു. തൊഴിലാളികളിൽ ചിലർ വണ്ടുകൾ വരുന്നത് കണ്ട് മറ്റുള്ളവരോട് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ നിർദേശിച്ചെങ്കിലും വണ്ടിൻ കൂട്ടം തൊഴിലാളികളെ പിന്തുടർന്ന് ആക്രമിക്കുകയായിരുന്നുവെന്ന് തൊഴിലുറപ്പ് തൊഴിലാളി ലില്ലി പറഞ്ഞു. കുത്തേറ്റ ചിലർക്ക് തളർച്ചയും തലവേദനയും അസ്വസ്ഥതകളും അനുഭവപ്പെട്ടു. തുടർന്ന് താലൂക്കാശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

## കെ.എസ്.ആർ.ടി.സി. പമ്പിലെ ഇന്ധനം നിറയ്ക്കുന്ന ഉപകരണം കേടായി

### ● ബസ് സർവീസുകൾ മുടങ്ങി

ചേർത്തല: കെ.എസ്.ആർ.ടി.സി ചേർത്തല ഡിപ്പോയിലെ പമ്പിലെ ഇന്ധനം നിറയ്ക്കുന്ന ഉപകരണം കേടായതിനെ തുടർന്ന് ഇന്ധനം നിറക്കാനാകാതെ ബസ് സർവീസുകൾ മുടങ്ങി. അനവധി ദീർഘദൂര ബസ് സർവീസും പ്രതിസന്ധിയിലായി. ഇന്നലെ രാവിലെയായിരുന്നു സംഭവം. പമ്പിലെ ടാങ്കിൽനിന്നും വാഹനത്തിന്റെ ഇന്ധന ടാങ്കിലേയ്ക്ക് ഇന്ധനം നിറയ്ക്കാനായി ഘടിപ്പിക്കുന്ന നോസിൽ തകരാറായതിനെ തുടർന്ന് ഡീസൽ പുറത്തേക്ക് ഒഴുകുകയായിരുന്നു.

ഡിപ്പോയിലെ വർക്ക്ഷോപ്പിന്റെ ചുമതലയിലുണ്ടായിരുന്നവരെത്തി ഇന്ധനം പുറത്തേയ്ക്ക് ഒഴുകുന്നത് തടഞ്ഞു പമ്പിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തി. ഇതോടെ പിന്നാലെ വന്ന ദീർഘദൂര ബസുകൾക്ക് അടക്കം ഇന്ധനം നിറയ്ക്കാൻ പറ്റാത്ത അവസ്ഥയിലായി. ഇന്ധനം തീർന്ന ചില ബസുകൾ ഓട്ടം നിർത്തി. ബസിലുണ്ടായിരുന്ന യാത്രക്കാരെ മറ്റ് ബസുകളിൽകയറ്റി വിട്ടു. ഇന്ധനം നിറയ്ക്കുന്ന നോസിലിനും ഹോസിനും ഇടയിലുള്ള വാഷർ തേഞ്ഞു പോയതാണ് ചോർച്ചയ്ക്ക് കാരണമായതെന്നാണ് വിവരം. ഇന്ധനം നിറക്കാൻ കഴിയാതെ വന്നതോടെ ഡിപ്പോയിൽ നിന്ന് പുറപ്പെടേണ്ട നിരവധി സർവീസുകൾ വൈകി. ഇത് യാത്രക്കാരെ ഏറെ ബുദ്ധിമുട്ടിച്ചു. പിന്നീട് തകരാർ പൂർണമായി പരിഹരിച്ച് ചോർച്ച ഇല്ലെന്ന് ഉറപ്പാക്കിയ ശേഷമാണ് പമ്പിന്റെ പ്രവർത്തനം പുനരാരംഭിച്ചത്.

## കാർ തട്ടുകടയിലേക്ക് ഇടിച്ചുകയറി നാലുപേർക്ക് പരുക്ക്

### ● മദ്യപിച്ച കാർ ഡ്രൈവർ അറസ്റ്റിൽ

അമ്പലപ്പുഴ: മദ്യപിച്ച് യുവാവ് ഓടിച്ച കാർ നിയന്ത്രണംതെറ്റി തട്ടുകടയിലേക്ക് ഇടിച്ചു കയറി. രണ്ട് സ്കൂട്ടറുകൾ തകർത്തു. നാലു പേർക്ക് പരുക്ക്. കാർ ഡ്രൈവർ അറസ്റ്റിൽ. കഞ്ഞിപ്പാടം എസ്. എൻ കവല റോഡിൽ എസ്. എൻ. കവലക്ക് കിഴക്കായിരുന്നു കഴിഞ്ഞ രാത്രിയിൽ അപകടം നടന്നത്.

കിഴക്കുനിന്ന് അമിത വേഗതയിൽ ദേശീയ പാതയിലേക്ക് വന്ന കാറാണ് അപകടത്തിൽപ്പെട്ടത്. കടയിൽ ഭക്ഷണം വാങ്ങാനെത്തിയ നീർക്കുന്നം പള്ളിപ്പറമ്പിൽ അബ്ദുൾ ലത്തീഫ്, കടയുടമ വെളിമ്പറമ്പിൽ റഷീദ്, സഹോദരൻ മജീദ്, ഷാനവാസ് എന്നിവർക്കാണ് പരുക്കേറ്റത്. ഇടിയുടെ ആഘാതത്തിൽ ഇവർ തെറിച്ചു ഓടയിൽ വീണു. അപകടത്തിന് ശേഷം കാറുമായി കടന്നു കളഞ്ഞ ഡ്രൈവർ കാക്കാഴം പേരൂപ്പറമ്പ് ഗോപീകൃഷ്ണ (37) നെ പിന്നീട് അമ്പലപ്പുഴ പോലീസ് അറസ്റ്റ് ചെയ്തു.

പരുക്കേറ്റവരെ ആലപ്പുഴ മെഡിക്കൽ കോളജാശുപത്രിയിൽ പ്രവേശിപ്പിച്ചു. തലക്ക് സാരമായി പരുക്കേറ്റ അബ്ദുൾ ലത്തീഫിനെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി.അപകടത്തിൽ തട്ടുകടയിലെ ഫർണീച്ചറും തകർന്നു.

## ● 'ഹൗസ് ബോട്ടുകൾ വിട്ടുപോകണം'

# ഉത്തരവിൽ വാദപ്രതിവാദം ശക്തം; കായൽടൂറിസം മേഖലയിൽ ആശങ്ക

ആലപ്പുഴ: മറ്റു ജില്ലകളിൽ രജിസ്റ്റർ ചെയ്ത ഹൗസ് ബോട്ടുകൾ ആലപ്പുഴയിലെ കായലുകൾ വിട്ടുപോകണമെന്ന കേരള മാരിടൈം ബോർഡിന്റെ ഉത്തരവ് കായൽ വിനോദസഞ്ചാര മേഖലയിൽ ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും വഴിയൊരുക്കുന്നു.

ഉത്തരവ് നടപ്പാക്കുന്നതോടെ ആലപ്പുഴയിലെയും കുട്ടനാട്ടിലെയും ഹൗസ് ബോട്ട് വ്യവസായത്തെ എങ്ങനെ ബാധിക്കുമെന്ന ആശങ്കയിലാണ് ഈ മേഖലയിലുള്ളവർ. ആലപ്പുഴയിൽ രജിസ്റ്റർ ചെയ്ത ഹൗസ് ബോട്ടുകൾക്ക് മാത്രമായി വേമ്പനാട്ടുകായലിലെ സർവീസ് പരിമിതപ്പെടുത്തണമെന്നാണ് ഒരു വിഭാഗം ഉടമകളുടെ നിലപാട്.

ആലപ്പുഴയിൽ പുതിയ ഹൗസ് ബോട്ടുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കാത്ത സാഹചര്യത്തിൽ കൊല്ലം, കൊടുങ്ങല്ലൂർ തുടങ്ങിയ പോർട്ട് ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത് ആലപ്പുഴയിൽ സർവീസ് നടത്തുന്ന ബോട്ടുകൾ തങ്ങൾക്ക് കടുത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുവെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. അനധികൃതമായി സർവീസ് നടത്തുന്ന ബോട്ടുകളെ നിയന്ത്രിക്കണമെന്നുള്ളത് ഇവരുടെ കാലങ്ങളായുള്ള ആവശ്യമായിരുന്നു.

എന്നാൽ കേരളത്തിൽ എവിടെ രജിസ്റ്റർ ചെയ്താലും നിയമപരമായ എല്ലാ രേഖകളും സുരക്ഷാ സംവിധാനങ്ങളും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ വേമ്പനാട്ടുകായലിലും അനുബന്ധ പ്രദേശങ്ങളിലും സർവീസ് നടത്താൻ അനുമതി നൽകണമെന്നാണ് മറുവിഭാഗത്തിന്റെ വാദം. ജില്ലയുടെ അതിർത്തിയുടെ പേരിൽ മാത്രം ബോട്ടുകളുടെ സർവീസ് തടയുന്നത് അംഗീകരിക്കാനാവില്ലെന്നും ഇവർ നിലപാടെടുക്കുന്നു.

വിഷയം നേരത്തേ തന്നെ കോടതികളിലും എത്തിയിരുന്നു. മറ്റിടങ്ങളിൽ രജിസ്റ്റർ ചെയ്ത ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉടമകൾ തമ്മിൽ നിയമപോരാട്ടവും തുടരുകയാണ്.

ഇത്തരം ബോട്ടുകൾക്കെതിരായ നടപടികൾക്ക് കോടതി ഇടക്കാല സ്റ്റേ ഏർപ്പെടുത്തിയതിനെത്തുടർന്ന് തുറമുഖ വകുപ്പ് പരിശോധനാ നടപടികളിൽ ചില നിയന്ത്രണങ്ങൾ വരുത്തിയിരുന്നതായും റിപ്പോർട്ടുകളുണ്ട്. അതേസമയം, വേമ്പനാട്ടു കായലിന്റെ പാരിസ്ഥിതിക സംരക്ഷണവും മാലിന്യസംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമതയും ചോദ്യം ചെയ്യപ്പെടുന്നുമുണ്ട്.

കായലിന്റെ ശേഷി പരിഗണിക്കാതെ ബോട്ടുകളുടെ എണ്ണം വർധിക്കുന്നത് മലിനീകരണ ഭീഷണി ഉയർത്തുമെന്ന ആശങ്കയും ശക്തമാണ്. നവംബർ നാലിന് മാരിടൈം ബോർഡ് അഡ്മിനിസ്ട്രേറ്റർ ഡോ. രത്തൻ യു. ഖേൽക്കർ പുറപ്പെടുവിച്ച ഉത്തരവിലാണ് ബോട്ടുകൾക്ക് സർവേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അംഗീകൃത പ്രവർത്തനമേഖലയിലും സഞ്ചാരപരിധിയിലും മാത്രമേ സർവീസ് നടത്താവൂ എന്ന് വ്യക്തമാക്കിയത്. നിർദേശം ലംഘിക്കുന്ന ബോട്ടുകൾക്കെതിരെ നോട്ടീസ് നൽകി പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും നിർദേശമുണ്ട്.

നിയമം നടപ്പാക്കുന്നതും കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതും അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ലെങ്കിലും ബോട്ടുടമകളുടെ ഉപജീവനവും വിനോദസഞ്ചാര മേഖലയിലെ തൊഴിലും വരുമാനവും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന ആവശ്യവും ഉയരുന്നുണ്ട്.

ഉത്തരവ് നടപ്പാക്കുന്നതിലെ മാനദണ്ഡങ്ങൾ, കോടതിയിലുള്ള കേസുകളുടെ സ്ഥിതി, ബോട്ടുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യക്തമായ നയം എന്നിവയിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന ആവശ്യവും ശക്തമാകുകയാണ്. ആലപ്പുഴയുടെ വിനോദസഞ്ചാര മേഖലയിലെ പ്രധാന വരുമാന സ്രോതസുകളിലൊന്നായ ഹൗസ് ബോട്ട് വ്യവസായത്തിൽ പുതിയ ഉത്തരവ് എന്ത് മാറ്റമുണ്ടാക്കുമെന്നതാണ് എല്ലാവരും ഉറ്റുനോക്കുന്നത്.

## മാരിടൈം ബോർഡ് ഉത്തരവ് ഹൗസ്ബോട്ട് മേഖലയെ തകർക്കും: ആർ.ജെ.ഡി.

ആലപ്പുഴ: കേരള മാരിടൈം ബോർഡ് പുതിയതായിറക്കിയ ഉത്തരവ് ആലപ്പുഴയിലെ ഹൗസ്ബോട്ട് മേഖലയെ തകർക്കുമെന്ന് രാഷ്ട്രീയ ജനതാദൾ (ആർ.ജെ.ഡി.) ആലപ്പുഴ ജില്ലാ കമ്മിറ്റി.

ഇതുവഴി കൊടുങ്ങല്ലൂർ, കൊല്ലം കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത ഹൗസ്ബോട്ടുകൾ ആലപ്പുഴ വിട്ടുപോകേണ്ടിവരുന്നു. പുതിയ രീതി വരുമ്പോൾ ഹൗസ്ബോട്ടുകളുടെ സഞ്ചാര പരിധി കുറയും. ബോട്ടുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടാകുന്നത് സഞ്ചാരികളെ ബുദ്ധിമുട്ടിലാക്കും. സഞ്ചാരികൾ വരുന്നയിടങ്ങളിൽ കൂടുതൽ ദിവസങ്ങൾ താമസിക്കേണ്ടിവരുന്നത് കൂടുതൽ ചെലവ് സൃഷ്ടിക്കുകയും ചെയ്യും.

മാരിടൈം ഇടപെടൽ വൻകിടക്കാരെ സഹായിക്കുന്നതിനും ചെറുകിടക്കാരായ ആലപ്പുഴയിലെയും കുട്ടനാട്ടിലെയും ബോട്ടുടമകളെയും ജീവനക്കാരെയും തുരത്താനുമാണെന്നും യോഗം ആരോപിച്ചു. കായൽ അതിർത്തികൾ സംഘർഷങ്ങൾക്ക് വേദിയാകും.

സർക്കാരിന് വ്യക്തമായ നയം ഇല്ലാത്തതും തീരുമാനം എടുക്കാനുള്ള നിസംഗതയുമാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും അടിയന്തരമായി ഇടപെട്ട് പുതിയ ഉത്തരവ് പിൻവലിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ജില്ലാ പ്രസിഡന്റ് സാദിഖ് എം. മാക്കിയിൽ അധ്യക്ഷത വഹിച്ചു. ശശിധരപ്പണിക്കർ, മോഹനൻ സി. അറവന്തറ, അനിരാജ് ആർ. മുട്ടം, പി.ജെ. കുര്യൻ, പ്രസന്നൻ ആർ., ഹാപ്പി പി. ആമ്പു, സാദിഖ് ഉലഹൻ, ജമാൽ പള്ളാത്തുരുത്തി, ഷാനവാസ് കണ്ണാങ്കര, ജോൺസൺ എം. പോൾ, മനാഫ് മണ്ണാശേരി, ഉഷാ അറവന്തറ, ആശാ സാദിഖ്, അശ്വതി നിഖിൽ എന്നിവർ സംസാരിച്ചു.

## എസ്.ഡി.പി.ഐ. തീരദേശ മുന്നേറ്റയാത്ര നാളെ ജില്ലയിൽ

ആലപ്പുഴ: എസ്.ഡി.പി.ഐ സംസ്ഥാന കമ്മിറ്റി നടത്തുന്ന തീരദേശമുന്നേറ്റയാത്ര ബുധനാഴ്ച ആലപ്പുഴയിലെത്തും. കഴിഞ്ഞ നാലിന് കാസർകോടുനിന്ന് ആരംഭിച്ച് 13ന് തിരുവനന്തപുരത്ത് സമാപിക്കുന്ന യാത്ര സംസ്ഥാന ജനറൽസെക്രട്ടറി പി.ആർ. സിയാദ് ക്യാപ്ടനും സംസ്ഥാന സെക്രട്ടറി ജോൺസൺ കണ്ടച്ചിറ, സംസ്ഥാന പ്രവർത്തകസമിതിയംഗം വി.എം. ഫൈസൽ എന്നിവരാണ് വൈസ് ക്യാപ്ടന്മാരുമായ സംഘമാണ് നയിക്കുന്നത്.

നാളെ രാവിലെ ഒമ്പതിന് അർത്തുങ്കലിൽനിന്ന് ആരംഭിച്ച് തീരദേശപ്രദേശങ്ങളായ കാട്ടൂർ, മംഗലം, കിണർമുക്ക്, കാക്കാഴം, പുറക്കാട്, പാനൂർ, തൃക്കുന്നപ്പുഴ വഴി ആറാട്ടുപുഴയിൽ സമാപിക്കും. വൈകീട്ട് 6.30ന് സമാപനസമ്മേളനം സംസ്ഥാന സെക്രട്ടറി സിബി തോട്ടുപുറം ഉദ്ഘാടനം ചെയ്യും. വാർത്താസമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് കെ. റിയാസ്, ജില്ലാ ജനറൽ സെക്രട്ടറി ഇബ്രാഹിം. വണ്ടാനം, ജില്ലാസെക്രട്ടറി അജ്മൽ അയ്യൂബ്, ജില്ലാ പ്രവർത്തകസമിതിയംഗം എസ്. ഷിറാസ് എന്നിവർ പങ്കെടുത്തു.

## നിരീക്ഷണ ക്യാമറ തകർത്തു

പൂച്ചാക്കൽ: പൊതുയിടങ്ങളിലും തോട്ടിലും മാലിന്യം തള്ളുന്നത് തടയാൻ പാണാവള്ളി പഞ്ചായത്ത് സ്ഥാപിച്ച നിരീക്ഷണ ക്യാമറ ഇരുട്ടിന്റെ മറവിൽ സാമൂഹ്യവിരുദ്ധർ തകർത്തു. ഇലക്ട്രിസിറ്റി ജംഗ്ഷൻ - പള്ളിവെളി റോഡിലെ കലുങ്കിന് സമീപം സ്ഥാപിച്ചിരുന്ന ക്യാമറയാണ് കഴിഞ്ഞ രാത്രിയിൽ നശിപ്പിച്ചത്. പ്രദേശത്തെ തോട്ടിലേക്ക് കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള വൻതോതിലുള്ള മാലിന്യങ്ങൾ രാത്രികാലങ്ങളിൽ തള്ളുന്നത് പതിവായിരുന്നു. തോട് മലിനമാകുന്നതിനെതിരെ നാട്ടുകാർ നിരന്തരം പരാതിപ്പെട്ടതിനെതുടർന്നാണ് പഞ്ചായത്ത് നിരീക്ഷണ ക്യാമറ സ്ഥാപിച്ചത്. ക്യാമറ നശിപ്പിച്ച സംഭവത്തിൽ പഞ്ചായത്ത് അധികൃതരും നാട്ടുകാരും പോലീസിൽ പരാതി നൽകി.



● രാജസ്ഥാനിലെ ബനസ്ഥലി വിദ്യാപീഠ് യൂണിവഴ്സിറ്റിയിൽനിന്ന് റേഡിയേഷൻ ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ശ്രീകല യു. കാണക്കാരി അമ്പാടിയിൽ ഉണ്ണികൃഷ്ണൻ നായരുടെയും വത്സല നായരുടെയും മകളും വെമ്പള്ളി ഉഷാലയത്തിൽ അജയകുമാറിന്റെ ഭാര്യയുമാണ്.

## വീട് കയറി ആക്രമണം: ഗൃഹനാഥനെ വെട്ടി പരുക്കേൽപ്പിച്ചു

### ● രണ്ടുപേർ അറസ്റ്റിൽ

നെടുമുടി: ചമ്പക്കുളം മണപ്രയിൽ വീട്ടിൽ അതിക്രമിച്ചുകയറി ഗൃഹനാഥനെ പിച്ചാത്തികൊണ്ട് വെട്ടിപ്പരുക്കേൽപ്പിക്കുകയും തടയാനെത്തിയ യുവാവിനെ മർദിക്കുകയും ചെയ്ത കേസിൽ രണ്ടുപേരെ നെടുമുടി പോലീസ് അറസ്റ്റ് ചെയ്തു.

കണ്ണൻ എന്ന സനൽകുമാർ (36), ജിത്തു എന്ന ശ്രീജിത്ത് (31) എന്നിവരാണ് പിടിയിലായത്. കഴിഞ്ഞ ഞായറാഴ്ച രാത്രി 8.30-ഓടെയായിരുന്നു സംഭവം. മണപ്രയിലെ വീട്ടിൽ അതിക്രമിച്ചുകയറിയ പ്രതികൾ ആക്രമണം നടത്തുകയായിരുന്നു.

തടയാനെത്തിയ ഗൃഹനാഥനെ പിച്ചാത്തി ഉപയോഗിച്ച് വെട്ടിപ്പരുക്കേൽപ്പിക്കുകയും വീട്ടിലുണ്ടായിരുന്ന യുവാവിനെ മർദിക്കുകയും ചെയ്തു. വിവരമറിഞ്ഞെത്തിയ നെടുമുടി പോലീസ് പ്രതികളെ പിടികൂടി. മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിൽ വധശ്രമം ഉൾപ്പെടെ നിരവധി കേസുകളിൽ ഇരുവരും പ്രതികളാണെന്ന് പോലീസ് അറിയിച്ചു.

നെടുമുടി സർക്കിൾ ഇൻസ്പെക്ടർ മോഹിത് എം.കെയുടെ നിർദേശപ്രകാരം എസ്.എച്ച്.ഒ ബൈജു ജിയുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. എ.എസ്.ഐമാരായ രാജുമോൾ, മഞ്ജുള, സി.പി.ഒമാരായ വിനു സി.എ, അനു മാത്യു, ഹോം ഗാർഡ് ശശി പിള്ള എന്നിവരും സംഘത്തിലുണ്ടായിരുന്നു.



● സനൽകുമാർ



● ശ്രീജിത്ത്


ആലപ്പുഴ ജില്ലയിൽ മുപ്പത്തിനാലിൽപടി പാലം † അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കുട്ടനാട് താലൂക്കിലെ എടത്വ വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധസമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്

തീയതി : 16.09.2026

ആലപ്പുഴ ജില്ലയിൽ മുപ്പത്തിനാലിൽപടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടനാട് താലൂക്കിലെ എടത്വ വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ പെട്ട ഏകദേശം 65 സെന്റ് ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ്, പാങ്ങോട്, തിരുവനന്തപുരം എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് സമർപ്പിച്ച സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലാകളക്ടറുടെ 02.09.2026 തീയതിയിലെ നം. DCALP/1788 /2022/G3 നടപടിക്രമം പ്രകാരം രൂപീകൃതമായ വിദഗ്ദ്ധസമിതി 14/09/2026 തിങ്കളാഴ്ച 11.00 a.m. ന് എടത്വ ഗ്രാമപഞ്ചായത്ത് ഹാളിൽ യോഗം ചേർന്ന് റിപ്പോർട്ട് വിലയിരുത്തി. ടി റിപ്പോർട്ടിന്മേൽ വിദഗ്ദ്ധസമിതിയുടെ വിലയിരുത്തലുകൾ ചുവടെ നൽകിയിരിക്കുന്നു.

വിലയിരുത്തലുകൾ

- നിർദ്ദിഷ്ട പദ്ധതി മൂലം ക്ഷേത്രഭൂമി ഉൾപ്പടെ 7 ഉടമകളുടെ കൈവശഭൂമിയിൽ കുറവ് വരുന്നു എന്നതും, ഇവരിൽ 2 ഉടമകളുടെ ചുറ്റുമതിലിന്റെ ഒരു ഭാഗം പൊളിക്കേണ്ടി വരുന്നു എന്നതും, ക്ഷേത്രത്തിന്റെ കാണിക്കവഞ്ചി മാറ്റി സ്ഥാപിക്കേണ്ടി വരുന്നു എന്നതുമാണ് പദ്ധതിയുടെ പ്രത്യാഘാതമായി കാണുന്നത്. പദ്ധതി വിഭാവന ചെയ്യുന്ന ദുരവ്യാപകമായ നേട്ടങ്ങൾ കണക്കിലെടുക്കുമ്പോൾ RFCTLARR നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാര നടപടികളിലൂടെ ഭൂവുടമകൾക്ക് ഉണ്ടായേക്കാവുന്ന പ്രസ്തുത നഷ്ടങ്ങൾ ലഘൂകരിക്കാവുന്നതാണെന്ന് വിദഗ്ദ്ധസമിതി വിലയിരുത്തി.
- പദ്ധതി പ്രദേശങ്ങളിലെ യാത്രാസൗകര്യം സുഗമമാക്കുന്നതിന് സഹായകമാകും എന്നതിനാൽ മുപ്പത്തിനാലിൽപടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്ന പദ്ധതി പ്രദേശത്തിന്റെ ഒരു പൊതു ആവശ്യമാണെന്ന് യോഗം വിലയിരുത്തി. കൂടാതെ നിർദ്ദിഷ്ട പദ്ധതി RFCTLARR നിയമം 2013 വകുപ്പ് 2(1)(b)(i) അനുശാസിക്കുന്ന പൊതു ആവശ്യത്തിൽ ഉൾപ്പെടുന്നു എന്നും യോഗം വിലയിരുത്തി.
- പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് സ്ഥലം മാത്രമാണ് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിട്ടുള്ളത് എന്ന് വിദഗ്ദ്ധസമിതി വിലയിരുത്തി.
- പദ്ധതിക്ക് വേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് RFCTLARR നിയമം 2013 അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ് എന്ന് വിദഗ്ദ്ധസമിതി വിലയിരുത്തുന്നു.
- പദ്ധതി മൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള പ്രയോജനങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ തുലോം കുറവാണ് എന്ന് കമ്മിറ്റി വിലയിരുത്തി.

മേൽ വിവരിച്ച വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശ.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം - RFCTLAR നിയമം 2013 ടി നിയമത്തിന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS) No.485/2015/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നൽകി ആലപ്പുഴ ജില്ലയിൽ മുപ്പത്തിനാലിൽ പടി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനു വേണ്ടി കുട്ടനാട് താലൂക്കിലെ എടത്വ വില്ലേജിൽ നിന്ന് ഏകദേശം 65 സെന്റ് ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ പദ്ധതി പ്രദേശത്തിന് സമീപം കൃഷിയിടങ്ങളുള്ളതിനാൽ, നിലവിലുള്ള പാലം പൊളിക്കുമ്പോൾ കൊയ്ത്തുയന്ത്രം കടന്നു വരാൻ കഴിയുന്ന വിധത്തിൽ ഒരു അനുബന്ധ സൗകര്യം (അനുയോജ്യമായ റോഡ് ഉണ്ടായിരിക്കണം എന്നും വിദഗ്ദ്ധസമിതി ശുപാർശ ചെയ്യുന്നു.

വിദഗ്ദ്ധ സമിതിക്കുവേണ്ടി
മീന കുരുവിള (ഒപ്പ്)
ചെയർപേഴ്സൺ



ബഹുമാനപ്പെട്ട മാവേലിക്കര അഡി. ജില്ലാ കോടതി 1 മുമ്പാകെ

CMA No. 37/2026

അപ്പീൽവാദികൾ : (1) മാവേലിക്കര താലൂക്കിൽ, ചുനക്കര വില്ലേജിൽ, ചുനക്കര നടുവിലേമുറിയിൽ, അയനുവേലിൽ തെക്കെതിൽ അജികുമാർ ഭാര്യ 45 വയസുള്ള ബിന്ദുകുമാരി.

(2) ടിയിൽ അജികുമാർ മകൻ 20 വയസുള്ള ആദിത്യൻ.

അപ്പീൽ പ്രതികൾ : (1) കേരള സർക്കാർ ടിയെ പ്രതിനിധീകരിച്ച് ജില്ലാകലക്ടർ, കലക്ടറേറ്റ്, ആലപ്പുഴ.

(2) ഡെപ്യൂട്ടി തഹസിൽദാർ, റവന്യൂ റിക്കവറി, താലൂക്ക് ഓഫീസ്, മാവേലിക്കര.

(3) വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, ചുനക്കര.

(4) മുകേഷ് ആർ. ചന്ദ്രൻ, സ്പെഷ്യൽ ഡെപ്യൂട്ടി തഹസീൽദാർ (ആർ.ആർ.), കെ.എസ്.എഫ്.ഇ., ആലപ്പുഴ.

(5) മാനേജർ, കെ.എസ്.എഫ്.ഇ., കൊടുമൺ ശാഖ.

(6) അജിത് നായർ, 39 വയസ്, S/o അർജുനൻനായർ, അജിത് സദനം, ചുനക്കര വില്ലേജ്, മാവേലിക്കര.

(7) തുളസി, 66 വയസ്, W/o അർജുനൻനായർ, അജിത് ഭവനം, ചുനക്കര വില്ലേജ്, മാവേലിക്കര.

ടി അപ്പീൽ 6 ഉം 7 ഉം പ്രതികളെ ബോധ്യപ്പെടുത്തുന്നത്.

ബഹു. മാവേലിക്കര മുൻസിഫ് കോടതിയിലെ OS 193/2025-ാം നമ്പർ കേസിലെ IA 2/2025 നമ്പർ ഹർജിയിലുണ്ടായ ഉത്തരവിന്മേൽ ബോധിപ്പിച്ച് മേൽനമ്പർ അപ്പീലും അതോടൊപ്പമുള്ള IA 1/2026 നമ്പർ നിരോധന ഹർജിയും വിചാരണയ്ക്കായി 19.11.26 ൽ അവധി വെച്ചിട്ടുള്ളതും ടി അപ്പീലിന്മേൽ ടി അപ്പീൽ 6-ഉം, 7-ഉം പ്രതികൾക്ക് എന്തെങ്കിലും തർക്കമുള്ളപക്ഷം അന്നേ ദിവസം പകൽ 11 മണിക്ക് നേരിട്ടോ ക്രമപ്രകാരം അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് മുഖാന്തിരമോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി അപ്പീൽ 6-ഉം 7-ഉം പ്രതികൾക്ക് ആക്ഷേപമൊന്നുമില്ലെന്നുകണ്ട് ടി അപ്പീൽ തീർച്ച ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
അപ്പീൽ വാദി ഭാഗം അഡ്വക്കേറ്റ്
പി. അനിൽ (ഒപ്പ്)

മാവേലിക്കര



UJJIVAN SMALL FINANCE BANK

Registered Office: Grape Garden, No.27, 3rd "A" Cross, 18th Main, Koramangala 6th Block, Koramangala, Bengaluru-560095, Karnataka

ഇ - ലേലവിൽപന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, അനുബന്ധ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8 (6) പ്രകാരവും സ്ഥാവര സ്വത്തുക്കൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപന അറിയിപ്പ്. [illegible]

| S. No. | ലോൺ അക്കൗണ്ട് നമ്പർ / വായ്പക്കാരന്റെ / സഹവായ്പക്കാരന്റെ / ജാമ്യക്കാരുടെ പേര് | (i) 13 - 2 നോട്ടീസ് തീയതി ഡിമാൻഡ് തുക (ii) കൈവശപ്പെടുത്തിയ തീയതി | നിലവിലെ കുടിശിക ബാലൻസ് | റിസർവ് പ്രൈസ് INR-ൽ | നിരതദ്രവ്യ നിക്ഷേപം (ഇ.എം.ഡി) INR-ൽ |
|---|---|---|---|---|---|
| | ബ്രാഞ്ച് ഓഫീസ് നം.4/276, മുട്ടമ്പലം പി.ഒ, കെ. കെ. റോഡ്, കോട്ടയം, കേരളം - 686004 | | | | |
| 1. | 1703210170000029 / 1. [illegible] 2. [illegible] 3. [illegible] | (I) 05.12.2023 & ₹ 13,07,147/- [illegible] (ii) [illegible] | Rs. 20,68,478.40 [illegible] | ₹ 6,94,000/- [illegible] | ₹ 69,400/- [illegible] |
| | സ്വത്തിന്റെ വിവരണം/ഷെഡ്യൂൾ : കോട്ടയം ജില്ലയിൽ, ഉഴവൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 51-ൽ പെട്ട റീ സർവ്വേ നമ്പർ 187/6-3 ൽ ഉള്ള 02 ആർസ് 43 സ്ക്വയർ മീറ്റർ വസ്തുവും, റീ സർവ്വേ നമ്പർ 187/15 ൽ ഉള്ള 06 ആർസ് 07 സ്ക്വയർ മീറ്റർ വസ്തുവും ഉൾപ്പെടെ ആകെ 08 ആർസ് 50 സ്ക്വയർ മീറ്റർ വരുന്ന സ്ഥലം. [illegible] | | | | |
| | ബ്രാഞ്ച് ഓഫീസ് നം.67/2956 [illegible], എറണാകുളം [illegible], കേരളം - 682018 | | | | |
| 2. | 1193210170000041 1. [illegible] 2. [illegible] | (I) 27.05.2024 & ₹ 16,09,377/- [illegible] (ii) [illegible] | Rs. 23,76,337.59 [illegible] | ₹ 18,54,000/- [illegible] | ₹ 1,85,400/- [illegible] |
| | സ്വത്തിന്റെ വിവരണം/ഷെഡ്യൂൾ : കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ, [illegible] 347/13, 17, 20, 21/1 ൽ ഉൾപ്പെട്ട 8.45 ആർസ് വസ്തുവും [illegible] | | | | |
| | ബ്രാഞ്ച് ഓഫീസ് നമ്പർ 67/2956(1) [illegible], എറണാകുളം, കേരളം - 682018 | | | | |
| 3. | 1193210170000056 1. [illegible] 2. [illegible] | (I) 12.11.2024 & ₹ 11,99,237/- [illegible] (ii) [illegible] | ₹ 16,51,704.11 [illegible] | ₹ 3,85,000/- [illegible] | ₹ 38,500/- [illegible] |
| | സ്വത്തുവിവരം: ആലപ്പുഴ ജില്ലയിലെ, മാവേലിക്കര താലൂക്കിൽ, [illegible] നമ്പർ 12 - ൽ പെട്ട റീ സർവ്വേ നമ്പർ 189/1 [illegible] 286/23/2) ൽ ഉൾപ്പെടുന്ന 2.59 ആർസ് വരുന്ന സ്ഥാവര സ്വത്ത് [illegible] | | | | |

ഇ-ലേല തീയതിയും സമയവും : 26.11.2026 രാവിലെ 11.00 മുതൽ ഉച്ചയ്ക്ക് 12.00 വരെ

| ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി | സ്വത്ത് പരിശോധിക്കാവുന്ന തീയതിയും സമയവും |
|---|---|
| 25.11.2026 [illegible] രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ [illegible] | 24.11.2026 , രാവിലെ 10.00 മുതൽ വൈകുന്നേരം 5.00 വരെ [illegible] |

കൂടുതൽ വിവരങ്ങൾക്ക് [illegible] : സീരിയൽ നമ്പർ 1 & 2 : [illegible] - 95009 96689 / [illegible] - 7845192961 സീരിയൽ നമ്പർ 3 : [illegible] - 95435 91627 / [illegible] - 7845192961

ഇ-ലേലം 'എവിടെയാണോ അങ്ങനെയോ' 'എന്താണോ അങ്ങനെയോ' എന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് അംഗീകരിച്ച ഇ-ലേല സേവന ദാതാക്കളായ M/s. C1 India PVT LTD വഴിയാണ് ഈ ഇ-ലേലം നടത്തുക. [illegible] (മൊബൈൽ നമ്പർ: 74182 81709). [illegible] https://www.bankeauctions.com [illegible] https://www.ujjivansfb.in/e-auctions [illegible] https://www.bankeauctions.com [illegible] M/s. C1 India PVT LTD-ൽ നിന്ന് [illegible] 72919 18824, 25, 26, [illegible] support@bankeauctions.com, [illegible] - https://www.bankeauctions.com. [illegible] https://www.ujjivansfb.in/e-auctions/ https://www.bankeauctions.com

(Sd/-)
അധികാരപ്പെട്ട ഓഫീസർ
ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ്

തീയതി: 10.11.2026


Scanned with OKEN Scanner